ശ്രീ. ടി. എം. ജേക്കബ് : ഈ വർഷവും അതുപോലെതന്നെ ഒരു ലക്ഷം രൂപ വീതം അദ്ധ്യാപക രക്ഷാകർതൃസമിതിയെ ഏല്പിച്ച് പൊതുമരാമത്തുവകുപ്പിന്റെ മേൽനോട്ടത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള ഒരു പരിപാടിയുണ്ട്. അതിനുള്ള ലിസ്റ്റ് തയ്യാറാക്കി വരുകയാണ്.

കേരള വാട്ടർ അതോറിറ്റിയുടെ തടസ്സപ്പെട്ടു കിടക്കുന്ന ജോലികൾ

* 366 [393] ശ്രീ. മണിമംഗലത്തു കുട്ട്യാലി :
,, കെ. കെ. തോമസ് :
,, രാഘവൻ പൊഴക്കടവിൽ :
,, പന്തളം സുധാകരൻ :
,, ബന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള ഏതെങ്കിലും ജോലി തടസ്സപ്പെട്ടു കിടക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, അതിന്റെ കാരണമെന്താണ് ;

(സി) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ, തടസ്സപ്പെട്ടു കിടക്കുന്ന ജോലികളുടെ പൂർത്തീകരണത്തിനുള്ള നടപടി സ്വീകരിക്കുമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) ഈ ആവശ്യത്തിന് വേണ്ടുന്ന മെറ്റീരിയൽസിന്റെ അഭാവവും ധനദൗർലഭ്യവും സ്ഥലം കിട്ടാത്തതുകാരണവുമാണ് ചില പണികൾ തടസ്സപ്പെട്ടുകിടക്കുന്നത്.

(സി) സാമ്പത്തികലഭ്യതയനുസരിച്ച് പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : കോഴിക്കോട് ജില്ലയിൽ തിരുവണ്ണാമൂഴി അണക്കെട്ടിൽനിന്ന് വെള്ളമെടുത്ത് കൊയ്ലാണ്ടി താലൂക്കിലെ 14 വില്ലേജുകളിൽ ശുദ്ധജലം കൊടുക്കാനുള്ള ഒരു പദ്ധതി ഇന്ത്യാഗവൺമെൻറ് അംഗീകരിക്കുകയും അതിനുവേണ്ടി അഞ്ചുകോടി രൂപ അവാർഡ് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആ പദ്ധതിയിപ്പോൾ തടസ്സപ്പെട്ടുകിടക്കുകയാണ്. ഈ കൊല്ലം എത്രകോടി രൂപ അതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഇപ്പോൾ എങ്ങനെ നടക്കുന്നുവെന്നുള്ളതിനെപ്പറ്റി വിശദീകരിക്കാമോ ?

ശ്രീ. കെ. എം. മാണി : അതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എത്ര കോടി രൂപ നീക്കിവച്ചിരിക്കുന്നുവെന്നുള്ളതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : നിരവധി നിയോജകമണ്ഡലങ്ങളിൽ കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് തുടങ്ങിവച്ചതും ഡ്രോട്ട് സ്കീമെല്ലാം കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

തിനുശേഷം സ്തംഭിച്ചുകിടക്കുന്നതുമായ നിരവധി പദ്ധതികളും ഉണ്ട്. ആ പദ്ധതികൾക്ക് പ്രത്യേകമായ പരിഗണനവച്ചുകൊണ്ട് പൂർത്തീകരിക്കാനുള്ള നടപടികളും ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടാകുമോ ?

ശ്രീ. കെ. എം. മാണി : ഭാഗികമായി പണി നടന്നിട്ടുള്ള പദ്ധതികളും പൂർത്തീകരിക്കുന്നതിനായിരിക്കും ഗവൺമെന്റ് മുൻഗണന കൊടുക്കുന്നത്.

ശ്രീ. കെ. കെ. തോമസ് : എന്റെ നിയോജക മണ്ഡലത്തിലെ രണ്ടുമൂന്നു പ്രധാന വർക്കുകളും മുടങ്ങിക്കിടക്കുന്നത് പൈപ്പ് നൽകുന്നില്ലെന്നുള്ള കാരണത്താലാണ്. ശുദ്ധജലക്ഷാമം ഈ വർഷം കഴിഞ്ഞ വർഷത്തെക്കാളും കൂടുതലാകുമോയെന്ന് സംശയിക്കുന്നു. അതുകൊണ്ട് ഉടനെയായി ഈ വർക്കുകൾ പൈപ്പ് നൽകി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : തീർച്ചയായും അതിന്റെ അഭാവം നികത്തിത്തരുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. തോമസ് : ജലക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കടലാസിൽ കിടക്കുന്ന പദ്ധതികളിൽ രണ്ടെണ്ണമെങ്കിലും പണത്തിന്റെ ക്ഷാമമുണ്ടെങ്കിൽത്തന്നെയും ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി ഉടനെയായി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : രണ്ടെണ്ണമെന്ന് നിശ്ചയമായി പറയത്തില്ല. ആവശ്യാനുസരണം ഏറ്റവും കൂടുതൽ പ്രയാസമുള്ള സ്ഥലങ്ങളിൽ സാമ്പത്തിക പരിമിതിക്കകത്തുനിന്നുകൊണ്ട് ചെയ്യാൻ ശ്രമിക്കുന്നതാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : ചില പദ്ധതികളും മുടങ്ങിക്കിടക്കുന്നുവെന്ന് ഇവിടെ പറഞ്ഞു. ഡച്ച് ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി നടക്കുന്ന ചില പദ്ധതികളും ഉണ്ട്. ഉദാഹരണമായി നാട്ടിക-ഫർക്ക പദ്ധതി. അതുപോലെതന്നെ സംസ്ഥാന ഗവൺമെന്റിന്റെ പീച്ചി-ചെന്നായ്പ്പാറ പദ്ധതി, കാറളം-പടിയൂർ പദ്ധതി. ഈ മൂന്നു പദ്ധതികളുടെയും ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന്. വ്യക്തമാക്കാമോ ; ഡച്ച് ഗവൺമെന്റ് നടത്തുന്ന പദ്ധതികളൊക്കെ മുടങ്ങിക്കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : മുടങ്ങിക്കിടപ്പുള്ളതായിട്ട് എനിക്ക് അറിവില്ല.

ശ്രീ. രാഘവൻ പൊഴക്കടവിൽ : കുഴൽക്കിണർ സ്ഥാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ അയ്യായിരം ലിറ്ററിനുമുകളിൽവരുന്ന കുഴൽക്കിണറുകളിൽ പമ്പ് സെറ്റ്വച്ച് ടാങ്ക് കെട്ടി വെള്ളം കൊടുക്കുമെന്ന് മുമ്പത്തെ മന്ത്രി പ്രസ്താവിച്ചിരുന്നു. ഇതുവരെ അത് കൊടുത്തിട്ടില്ല. അങ്ങനെയുള്ള കിണറുകളിൽ ഹരിജൻ കോളനികളിലുള്ള കിണറുകളിൽപ്പോലും ഉദാഹരണത്തിന് പാണഞ്ചേരി പഞ്ചായത്തിലെ പൂവൻചിറ ഗിരിജൻ കോളനിയിലുള്ള 30,000 ലിറ്റർ വരുന്ന കിണർ ഉൾപ്പെടെ പല കിണറുകളും പമ്പുസെറ്റ് വയ്ക്കാത്തതുകൊണ്ട് വെള്ളം കൊടുക്കാൻ കഴിയുന്നില്ല. അത്തരം കിണറുകൾക്ക് പമ്പുസെറ്റുകൾ കൊടുക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ചില പ്രത്യേക സ്ഥലങ്ങളിലോ ചില പ്രത്യേക കാര്യത്തിലോ ആയിരിക്കാം. എങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

പൊതുവെ പറയുകയാണെങ്കിൽ കേരളത്തിൽ ഇങ്ങനെയുള്ള പണികൾ നടന്നു കൊണ്ടിരിക്കുകയാണ്.

ശ്രീ. ബന്നി ബഹനാൻ : സാമ്പത്തികമായ ബുദ്ധിമുട്ടുണ്ടെന്ന് ഇവിടെപ്പറഞ്ഞു. കഴിഞ്ഞ വർഷങ്ങളിൽ ഏറെറടുത്ത ശുദ്ധജലവിതരണ പദ്ധതികൾക്ക് ഇനി എത്രകോടി രൂപ കൊടുത്തുതീർക്കാനുണ്ടെന്നുള്ളത് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : ഇന്നാട്ടിലൊരുടിവാസം ഇതിന് ഞാൻ ഓറലായിട്ട മറുപടി പറഞ്ഞതാണ്. ഏതാനും കോൺട്രാക്ടർമാരുടെ കുടിശ്ശിക ബില്ലുകൾ തീർക്കാനായി 19 കോടി രൂപ കൊടുക്കാനുണ്ട്. പിന്നെ ഈ പണികൾക്ക് വാങ്ങിയ മെറ്റീരിയൽസിനു 42 കോടി രൂപ കൊടുക്കാനുണ്ട്. അങ്ങനെ 61 കോടിരൂപ കൊടുക്കാനുണ്ട്. 61 കോടിരൂപ കൊടുക്കാനുള്ളപ്പോൾ ബഡ്ജറ്റിൽ 40 കോടി രൂപയേയുള്ളൂ. അതിനകത്തുനിന്നുകൊണ്ടു വേണം കാര്യങ്ങളൊക്കെ നിർവ്വഹിക്കാൻ. ബഹുമാനപ്പെട്ട മെമ്പർ വളരെ സിമ്പതറ്റിക്കായിട്ട് കാര്യങ്ങൾ കാണണമെന്ന ഒരപേക്ഷയുണ്ട്.

ശ്രീ. ബെന്നി ബഹനാൻ : കുഴൽക്കിണറിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെപ്പറഞ്ഞു. പല സ്ഥലങ്ങളിലും കുഴിച്ചിരിക്കുന്ന കുഴൽക്കിണറുകളിലെ മോട്ടോറുകൾ കേടായതുമൂലം ആ കുഴൽക്കിണറുകൾ പ്രവർത്തിക്കുന്നില്ല, അങ്ങനെയുള്ള സ്ഥലങ്ങളിൽ കേടായ മോട്ടോറുകൾ മാറ്റി നല്ല മോട്ടോറുകൾ സപ്ലൈ ചെയ്തുകൊണ്ട് പ്രവർത്തനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അത്തരം കുഴൽക്കിണറുകളിൽനിന്നും ശുദ്ധജലമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : കേടായ മോട്ടോറുകൾ നന്നാക്കാവുന്നിടത്തോളം നന്നാക്കാനും നന്നാക്കിയാലും ശരിയാകുകയില്ലെന്നുള്ളത് മാറ്റി സ്ഥാപിക്കാനുമാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. ആ നിർദ്ദേശം കർശനമായി പാലിക്കും.

ശ്രീ. എ. സ്വി. ഷൺമുഖദാസ് : മുഴുവൻ പ്രവർത്തനങ്ങളും പൂർത്തിയാക്കിയതും വൈദ്യുതി കണക്ഷൻ കിട്ടാത്തതുമായത് എന്റെ നിയോജകമണ്ഡലത്തിൽ മൂന്നെണ്ണമുണ്ട്. പ്രവൃത്തി പൂർത്തിയാക്കിയവയിൽ സപ്ലൈ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. വൈദ്യുതിബോർഡിനാവശ്യമായ ഡെപ്പോസിറ്റ് അതോറിറ്റികൊടുക്കാത്തതുകൊണ്ടാണ് വൈദ്യുതികണക്ഷൻ കൊടുക്കാത്തതെന്ന് പറയുന്നു. ഡെപ്പോസിറ്റ് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ഇത് അടുത്തകാലത്തുള്ള ഒരു പ്രതിഭാസമാണ്. അടുത്തകാലത്ത് ഇതിനുള്ള രൂപ അങ്ങോട്ട് കൊടുക്കണമെന്നു പറയും. അപ്പോൾ മറ്റ് ഡിപ്പാർട്ടുമെന്റുകൾക്ക് വെള്ളം വേണമെങ്കിൽ ഇങ്ങോട്ടും തരണമെന്നു അനുശാസിക്കേണ്ടതായി വരും. ഇലക്ട്രിസിറ്റിബോർഡിന് രൂപ ഡിപ്പാർട്ടുമെന്റുകൾ അങ്ങോട്ടുകൊടുക്കണമെന്നുണ്ടെങ്കിൽ വെള്ളം ഏതൊക്കെ ഡിപ്പാർട്ടുമെന്റിനാ കൊടുക്കുന്നുവോ അവരൊക്കെ ഇങ്ങോട്ടു രൂപ തരണമെന്ന് അനുശാസിക്കാൻ ഞാൻ നിർബന്ധിതനാകും. പക്ഷേ ഇപ്പോൾ അതു ചെയ്തിട്ടില്ല. ഏതായാലും ഈയടുത്തകാലത്തുമാത്രമാണ് ഡെപ്പോസിറ്റ് സ്കീമിനെപ്പറ്റിയുള്ള നിബന്ധന വന്നിട്ടുള്ളത്. അതിനുമുമ്പ് ആ നിബന്ധന ഇല്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : ഇതുകൊണ്ട് കണക്ഷൻ കൊടുക്കാൻ കഴിയുന്നില്ല. അതിനാവശ്യമായ നടപടി സ്വീകരിക്കണം. നിങ്ങൾ തമ്മിൽ തർക്കമുണ്ടെങ്കിൽ നിങ്ങൾ തമ്മിൽ തീർക്കണം. നാട്ടുകാർക്ക് വെള്ളം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ഇതിനൊരു തർക്കത്തിന്റെ ആവശ്യമില്ല. ഇലക്ട്രിസിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുംകൂടിയുള്ള രൂപ കൂടി ഇട്ടുകൊണ്ടല്ല ഈ വർഷത്തെ ബഡ്ജറ്റിംഗ്. ഇലക്ട്രിസിറ്റിബോർഡിന് രൂപ കൊടുക്കണമെന്നുള്ള നിലപാട് വന്നിരിക്കുന്നതുകൊണ്ട് നമുക്ക് ആവശ്യത്തിനുള്ള പണം തികയാതെപോകുന്നു. അടുത്തവർഷത്തെ ബഡ്ജറ്റ് മുതൽ എല്ലാ ഡിപ്പാർട്ടുമെന്റുകളും മറ്റ് ഡിപ്പാർട്ടുമെന്റുകൾക്ക് പണം കൊടുക്കണമെന്നുള്ള അടിസ്ഥാനത്തിൽ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഇനി പുതിയതായിട്ട് തയ്യാറാക്കണം. ഇതുവരെയുണ്ടായിരുന്ന സിസ്റ്റം അങ്ങനെയായിരുന്നില്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : തൃശ്ശൂർ വാട്ടർസപ്ലൈ സ്കീമിലേക്ക് പീച്ചിയിൽ നിന്ന് വെള്ളം കൊണ്ടുവരുന്നതിന് ആവശ്യമായ പണം മാറ്റിവയ്ക്കാത്തതുകൊണ്ട് ആ സ്ഥലങ്ങളിൽ വെള്ളം ലഭിക്കാത്ത സ്ഥിതിവിശേഷം ഉണ്ട് എന്നുള്ളതു ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, അവിടെ വെള്ളം കൊടുക്കുന്നതിന് വല്ല പദ്ധതിയും ഉണ്ടോ ?

ശ്രീ. കെ. എം. മാണി : അതിനൊക്കെ പദ്ധതികളുണ്ട്. അത് ഭംഗിയായിട്ട് പോകും.

ശ്രീ. ബേബിജോൺ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽ നിന്ന് മനസ്സിലാകുന്നത് ഈ വർഷം പുതുതായി യാതൊരു കണക്ഷനും കൊടുക്കാൻ സാദ്ധ്യതയില്ല എന്നാണ്. മന്ത്രി ഇവിടെ അസന്നിഗ്ദ്ധമായി അത് പറഞ്ഞു കഴിഞ്ഞു ; ഇലക്ട്രിസിറ്റി ബോർഡിന് ഈ പണമെടുത്ത് കൊടുക്കും എന്ന്. ഈ വർഷം പണമടയ്ക്കാൻ ബഡ്ജറ്റിൽ പ്രൊവിഷനുമില്ല. അടുത്ത കൊല്ലത്തെ ബഡ്ജറ്റിലേ പ്രൊവൈഡ് ചെയ്യാൻ സാധിക്കുകയുള്ളു എന്നു പറഞ്ഞു. അതിന്റെ അർത്ഥം ഈ വർഷം പുതിയ കണക്ഷനൊന്നും കൊടുക്കാൻ സാധ്യതയില്ല എന്നല്ലേ ? അത് മാറ്റാൻ സാധിക്കുമോ ?

ശ്രീ. കെ. എം. മാണി : അങ്ങനെയൊരു ദുർവ്യാഖ്യാനം ഉണ്ടാകുമെന്ന് അറിഞ്ഞിരുന്നുവെങ്കിൽ ഞാൻ ഇവിടെ അത് പറയുകയില്ലായിരുന്നു. എങ്കിലും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ കറൻറ് ചാർജ് അടച്ചുകൊണ്ട് അതിന് പ്രയോറിറ്റി കൊടുത്ത് വർക്ക് നടത്തും.

ശ്രീ. പി. സി. ജോർജ് : കുഴൽക്കിണറിന്റെ പണി ചില സ്ഥലത്ത് നടക്കുന്നുണ്ട് എന്ന് മന്ത്രി പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ പണിയൊന്നും നടക്കുന്നില്ല. ഈരാറ്റുപേട്ട, പൂഞ്ഞാർ എന്നീ സ്ഥലങ്ങളിലൊക്കെ ശ്രീ. എം. പി. ഗംഗാധരന്റെ കാലത്തിട്ട പൈപ്പ് കിടപ്പുണ്ട്. കുറച്ച് കുഴിച്ചിട്ടു. ഒരു പണിയും ഇപ്പോൾ നടക്കുന്നില്ല. ആ പൈപ്പ് കൊണ്ടിട്ടിരിക്കുന്ന സ്ഥലത്തെ വർക്കുകളെങ്കിലും ഉടനെ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : അത് ശ്രദ്ധിക്കാം. പൈപ്പ് ഇട്ടിരിക്കുന്ന സ്ഥലത്ത് വർക്കുകൾ നടപ്പിലാക്കണമെന്നാണ് ഗവൺമെന്റിന്റെ നയം.

ശ്രീ. കെ. ചന്ദ്രശേഖരൻ : വടകരയിൽ അഴിയൂർ പഞ്ചായത്തിലെ കറപ്പക്കുന്ന് എന്ന സ്ഥലത്ത് നാലുകൊല്ലം മുമ്പ് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഒരു ചെറിയ പദ്ധതിയുടെ ഉത്ഘാടനം ചെയ്തു. ആ പദ്ധതിയുടെ വാട്ടർസോഴ്സ്, പൈപ്പ്ലൈൻ ഇവയെല്ലാം തീർന്നിട്ട് ഒരുകൊല്ലമായി. ട്രാൻസ്ഫോർമർ ഇല്ല എന്ന കാരണത്താൽ അത് നടപ്പിലാക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ബേബിജോണിനോട് അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ഇത് ഏർപ്പാട് ചെയ്യുമെന്ന് പറഞ്ഞു. അത്യാവശ്യമുള്ള സ്ഥലങ്ങളുടെ നോർമൽ ഗൈഡ്ലൈൻ എന്താണ്, ഞാൻ പറഞ്ഞ സ്ഥലം അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ഉൾപ്പെടുമോ ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞത് ഒന്നാമത്തെ പ്രയോറിട്ടി കൊടുത്തുകൊണ്ട് ചെയ്യാം ; എഴുതിതന്നാൽ മതി.

ശ്രീ. ഇ. കെ. നായനാർ : മലമ്പുഴ നിയോജകമണ്ഡലം ഞാൻ കഴിഞ്ഞ മാസം സന്ദർശിച്ചപ്പോഴും എനിക്ക് വളരെയധികം മെമ്മോറാണ്ടങ്ങൾ ലഭിച്ചു. ഒരു ഭാഗത്ത് മലമ്പുഴ ഡാമിലെ വെള്ളം, ഒരു ഭാഗത്ത് വെള്ളമേയില്ല. നിരവധി മാസങ്ങളായിട്ട് കൃഷിക്കാർക്ക് ഇറിഗേഷനു വെള്ളമേയില്ല. ആരുടെ മെമ്മോറാണ്ടം ഈ മന്ത്രിക്ക് കിട്ടിയോ എന്ന് എനിക്കറിയില്ല. ആ സ്ഥലം പരിശോധിച്ച് വെള്ളം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ഓരോരുത്തരും വെള്ളം കൊടുക്കാമോ എന്ന് ചോദിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യം ഉടനടി ചെയ്യുന്നതാണ്.

ശ്രീ. വി. ദിനകരൻ : ബഹുമാനപ്പെട്ട ജലസേചനവകുപ്പ് മന്ത്രി ഇലക്ട്രിസിറ്റി മന്ത്രിയായിരുന്ന കാലത്ത് വെളിച്ചവിപ്ലവം നടത്തി ഇലക്ട്രിസിറ്റി ക്ഷാമം പരിഹരിച്ചതുപോലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഒരു ജലവിപ്ലവ പരിപാടിക്ക് രൂപം കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : ജലവിപ്ലവം നടത്താൻ ആഗ്രഹിക്കുന്നുണ്ട്. അത് ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : കൊച്ചി നഗരത്തിലും പരിസര പ്രദേശങ്ങളിലുമുള്ള ജലക്ഷാമം പരിഹരിക്കുന്നതിന് ഒരു പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് പണിയണമെന്ന് തീരുമാനിച്ചിട്ട് വർഷങ്ങളായി. സാമ്പത്തിക പരാധീനതകൊണ്ട് നടക്കുന്നില്ല എന്നാണ് മന്ത്രി പറഞ്ഞത്. വേൾഡ് ബാങ്കിന്റെ സഹായം അതിന് കിട്ടി എന്ന് അറിയുന്നു. അതിന്റെ നടപടി ആരംഭിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ ഉടനെ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ട്രീറ്റ്മെന്റ് പ്ലാന്റ് ആലുവായിലാണ്. അതിന് ടെണ്ടർ വിളിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ : കഴിഞ്ഞപ്രാവശ്യം വാങ്ങിക്കൂട്ടിയ പൈപ്പ് മുഴുവനും ഇപ്പോഴും കുഴിച്ചിട്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ കൂർക്കഞ്ചേരി, മണലൂർ, മണ്ണൂത്തി, അന്തിക്കാട് ഇവിടെയൊക്കെ പൈപ്പ് കുഴിച്ചിട്ടിരിക്കുകയാണ്. വെള്ളം സപ്ലൈ ചെയ്യാനുള്ള ടാങ്കും മോട്ടോറുമില്ല. ഡി. ഡി. സി. യിൽ ചോദിക്കുമ്പോൾ പറയുന്നത് അതിനുള്ള പണം ഇല്ലെന്നാണ്. കണക്ഷൻ കൊടുക്കുന്ന കാര്യം മാത്രമല്ല പൈപ്പ് കഴിച്ചിട്ട സ്ഥലത്ത് ടാങ്ക് കെട്ടി വെള്ളം സപ്ലൈ ചെയ്യാനുള്ള പണം പ്രൊവൈഡ് ചെയ്യുമോ ; കണ്ടിൻജൻസി ഫണ്ടിൽ നിന്ന് പണമെടുത്ത് ചെലവുചെയ്യുന്ന ഏർപ്പാടുണ്ടല്ലോ. അങ്ങനെ ഇതിനും പണം കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : പണം കണ്ടെത്താൻ ശ്രമിക്കാം. പ്രതിപക്ഷ നേതാക്കൻമാരെല്ലാം പറഞ്ഞാൽ ബുദ്ധിമുട്ടുണ്ടാകും. പ്രയോറിറ്റി നിശ്ചയിച്ച് തരുകയാണെങ്കിൽ തീർച്ചയായിട്ടും അതനുസരിച്ച് നോക്കാം. എന്തായാലും ഇതിന് പണം കണ്ടെത്താൻ ശ്രമിക്കാം.

ശ്രീ. സി. എസ്. ചന്ദ്രശേഖരൻ പിള്ള : എന്റെ നിയോജകമണ്ഡലത്തിലെ മലയാലപ്പുഴ വാട്ടർസപ്ലൈ സ്കീമിന്റെ പണി രണ്ടുകൊല്ലം മുമ്പ് അന്നത്തെ ജലസേചന വകുപ്പുമന്ത്രിയുടെ കാലത്ത് ആരംഭിച്ചതാണ്. അതിനുശേഷം കുറെ പൈപ്പുകൾ കുഴിച്ചിട്ടു ; കുറെ പല സ്ഥലത്തും കൊണ്ടിടുകയും ചെയ്തിട്ടുണ്ട്. വളരെയധികം ജലദൗർലഭ്യം അനുഭവിക്കുന്ന പഞ്ചായത്താണ് മലയാലപ്പുഴ പഞ്ചായത്ത്. ആ സ്കീംകൊണ്ട് സമീപത്തുള്ള മുഴുവൻ ആളുകൾക്കും വെള്ളം എത്തിക്കാൻ കഴിയുന്നതുമാണ്. അന്ന് മന്ത്രി പ്രഖ്യാപിച്ചതാണ് ഒരു വർഷത്തിനുള്ളിൽ അവിടെയുള്ള മുഴുവൻ നാട്ടുകാരേയും വെള്ളം കുടിപ്പിക്കുമെന്ന്. ഇതുവരെ ഒരുതുള്ളി വെള്ളം പോലും കുടിക്കാൻ കിട്ടിയിട്ടില്ല. ആ സ്കീം പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : മലയാലപ്പുഴയിലെ ജലദൗർലഭ്യത്തെപ്പറ്റി എനിക്ക് നേരിട്ട് ബോധ്യമുള്ളതാണ്- ഞാൻ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് സമ്മതിക്കുകയാണ്. എത്രയുംവേഗം ആ കാര്യങ്ങൾ നടപ്പിലാക്കാൻ കൂടുതൽ ശ്രദ്ധപതിപ്പിക്കാം.

ശ്രീമതി റേച്ചൽ സണ്ണി പനവേലി : റാന്നി നിയോജകമണ്ഡലത്തിൽ വെച്ചൂച്ചിറ പഞ്ചായത്തിൽ പൂന്തേനരുവിയിൽ നിന്ന് ഒരു വാട്ടർസപ്ലൈ സ്കീം തുടങ്ങി. അതിന്റെ പണി എന്തായി ; എത്രയും പെട്ടെന്ന് ശുദ്ധ ജലം എത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം മാണി : ആ പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കാൻ ശ്രദ്ധ പതിക്കുന്നതാണ്.

ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ : കുഴൽക്കിണറിൽ മോട്ടോർ വയ്ക്കാൻ ഗവൺമെന്റ് വല്ല മാനദണ്ഡവും സ്വീകരിച്ചിട്ടുണ്ടോ ? പണ്ട് അയ്യായിരവും മൂവായിരവും ലിറ്റർ വെള്ളം കിട്ടിയിരുന്ന കുഴൽക്കിണറുകളിൽ പമ്പുസെറ്റ് സ്ഥാപിച്ചിരുന്നു. ഇപ്പോൾ പതിനയ്യായിരം ലിറ്റർ

LIBRARY ARCHIVES Kerala Legislative Assembly

വെള്ളം കിട്ടുന്ന കുഴൽക്കിണറിൽ മാത്രമേ പമ്പുസെറ്റ് വയ്ക്കാൻ പാടുള്ളൂ എന്ന് വല്ല നിർദ്ദേശവും ഗവൺമെൻറിൽ നിന്ന് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പുനഃപരിശോധിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : ഇഫെക്ടീവായിട്ട് ഒരു മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കാൻ ആവശ്യമായ വെള്ളം എന്നുള്ളതാണ് മാനദണ്ഡം. റിജിഡായിട്ട് പറയുന്നില്ല. ഒരു പ്രദേശത്ത് വയബിളായിട്ട് മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കാൻ ആവശ്യമായ യീൽഡ് ഉണ്ടായിരിക്കണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം.

ജലദൗർലഭ്യ ഗ്രാമങ്ങൾ

* 367 [394] ശ്രീമതി പി. ദേവൂട്ടി :
ശ്രീ കെ. പി. അരവിന്ദാക്ഷൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, ടി. കെ. അബ്ദു :
,, ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം നിബന്ധനകളനുസരിച്ചാണ് ഗ്രാമങ്ങളെ ജലദൗർലഭ്യ ഗ്രാമങ്ങളായി കണക്കാക്കുന്നത് ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ജലദൗർലഭ്യ ഗ്രാമങ്ങളുണ്ട് ;

(സി) പ്രസ്തുത ഗ്രാമങ്ങളിൽ ശുദ്ധജലമെത്തിക്കാൻ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ഡി) പ്രശ്ന ഗ്രാമങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ജലദൗർലഭ്യ ഗ്രാമങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാർ താഴെ കൊടുത്തിട്ടുള്ള മൂന്നു നിബന്ധനകളാണ് നിശ്ചയിച്ചിട്ടുള്ളത്.

(1) ഒരു നിശ്ചിത (1.6 കിലോമീറ്റർ) ദൂരത്തിനകത്തോ 15 മീറ്റർ താഴ്ചയിലോ കുടിവെള്ളം ലഭിക്കാത്ത പ്രദേശം.

(2) ആരോഗ്യത്തിന് ഹാനികരമായ ഉപ്പ്, ഇരുമ്പ്, ഫ്ളൂറൈഡ് തുടങ്ങിയ രാസപദാർത്ഥങ്ങൾ വെള്ളത്തിൽ അടങ്ങിയിട്ടുള്ള പ്രദേശം.

(3) ജല ഉറവിടങ്ങളിൽ അതിസാരം, ഗിനിവിര തുടങ്ങിയ രോഗാണുക്കൾ ഉള്ള പ്രദേശങ്ങൾ.

(ബി) 1164 ഗ്രാമങ്ങൾ. ഇതിൽ 6 ഗ്രാമങ്ങളിൽ പൂർണ്ണമായും 1157 ഗ്രാമങ്ങളിൽ ഭാഗികമായും ശുദ്ധജലം എത്തിച്ചിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെൻറിൻറെ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയും സംസ്ഥാന സർക്കാരിൻറെ ആവശ്യാധിഷ്ഠിത പദ്ധതി പ്രകാരമുള്ള ശുദ്ധജല വിതരണ പദ്ധതിയുമാണ് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly